മിസ്റ്റർ പി. നാരായണമേനോൻ: അപേക്ഷയില്ലെന്നു പറഞ്ഞു. വല്ല നിർദ്ദേശവുമുണ്ടോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ഇല്ല.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഇപ്പോൾ ന.ഫ.ാംആക്കുന്നതിനു വല്ലതും കൂട്ടി കിട്ടിയാൽ കൊള്ളാമെന്നു അപേക്ഷിച്ചിട്ടുണ്ടോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ഇല്ല.

മിസ്റ്റർ ജോസ് കെ. വട്ടിസ്സ്: പതിനെട്ടിലൊ പത്തൊൻപതിലൊ അങ്ങിനെ അപേക്ഷിച്ചിട്ടുണ്ടോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ഇല്ല.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: Dearness allowance കിട്ടിയാൽ കൊള്ളാമെന്നാവശ്യപ്പെട്ടിട്ടുണ്ടോ?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: ഇല്ല.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഹജൂരിൽ അങ്ങിനെ ഒരു കടലാസില്ലെന്നാണൊ പറയുന്നതു?

മിസ്റ്റർ കെ. എസ്സ്. രാഘവൻ: അതെ.

ALLOWANCE—REQUEST BY MINISTER

261. Mr. P. Kumaran Ezhuthassan *(Vadakkancheri)*: Will Government be pleased to state.—

(*a*) was there any claim or request made by the Hon'ble Minister for any allowance over and above his sanctioned remuneration;

(*b*) what was done with the claim or request in (*a*)?

Mr. K. S. Raghavan *(Secretary to Government)*:

(*a*) There was no request from the Minister for the grant of any allowance.

(*b*) Does not arise.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: It is the same question as No. 260 I do not put it, Sir.

NEERVARAM FROM KOLE CULTIVATORS AFFECTED BY MULLURKAYAL SCHEME

262. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമ്മേണ്ടു സദയം മറുപടി പറയുമോ.—

(എ) കോൾ കൃഷിക്കു പതിവുപ്രകാരം വെള്ളം കിട്ടിയിരുന്ന കോൾ പടവുകാക്കു മുള്ളർ കായൽ സ്ലൂം മൂലം വിളവുകൾ ഉണങ്ങിപ്പോവാൻ ഇടവന്നിട്ടുള്ള എത്ര കോൾ കൃഷിക്കാർ ജലനികുതി or നീർവാരം ഒഴിവാക്കി കിട്ടേണമെന്നു ഗവർമ്മേണ്ടിലേക്കു അപേക്ഷ ബോധിപ്പിച്ചിട്ടുണ്ടു;

(ബി) അവരുടെ ഹർജികളെ സംബന്ധിച്ചു വല്ല അന്വേഷണവും ഗവർമ്മേണ്ടിൽ നിന്നു നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടിയാണു എടുത്തിട്ടുള്ളതു?

റാവു സാഹിബ് എ. മാധവപ്രഭു:

(എ) മുള്ളർക്കായൽ സ്ലൂം മൂലം വിളവുകൾ ഉണങ്ങിപ്പോകാൻ ഇടവന്നിട്ടില്ല.

(ബി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഏതുവിധത്തിലാണു മനക്കോടി കായലിലെ തെക്കൻപ്രദേശത്തുള്ള കോൾകൃഷി ഉണങ്ങിപ്പോയതു?

റാവുസാഹിബ് എ. മാധവപ്രഭു: സമയത്തു മഴ പെയ്യില്ല; അതുകൊണ്ടാണു.

മിസ്റ്റർ കെ. എസ്സ് പണിക്കർ: എല്ലാ കൊല്ലവും വേനൽക്കാലത്തു മഴ പെയ്യിട്ടാണോ കൃഷി ചെയ്യാവു?

റാവുസാഹിബ് എ. മാധവപ്രഭു: എല്ലാ കൊല്ലവും അങ്ങിനെയാണെന്നു പറയാൻ സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly